ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

പെൻഷൻ പദ്ധതിയിലെ കുടിശ്ശിക

21(1297) ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതനം, കയർ, കൈത്തറി-കശുവണ്ടി, വിധവ, വികലാംഗർ, മത്സ്യത്തൊഴിലാളി തുടങ്ങിയ വിവിധ ക്ഷേമ പെൻഷൻ പദ്ധതികളിലെ എത്ര മാസത്തെ പെൻഷൻ 31-1-2006-ന് കുടിശ്ശികയുണ്ട്; പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നിലും നൽകാനുള്ള തുക എത്ര വീതം;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മേൽ പറഞ്ഞ പദ്ധതികളിൽ ഓരോന്നിലും കുടിശ്ശികയെത്രയായിരുന്നു; എത്ര തുക നൽകാനുണ്ടായിരുന്നു;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഇതേവരെ എത്ര മാസത്തെ കുടിശ്ശിക നൽകി എന്ന് അറിയിക്കുമോ;

(ഇ) കുടിശ്ശിക പൂർണ്ണമായും എന്നത്തേയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കയർ, കൈത്തറി, കശുവണ്ടി, മത്സ്യത്തൊഴിലാളി തുടങ്ങിയ വിഭാഗങ്ങൾക്കുള്ള പെൻഷനുകൾ സർക്കാർ നേരിട്ടു നൽകുന്നവയല്ല. സർക്കാർ നേരിട്ടു നൽകുന്ന പെൻഷനുകളായ വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയിൽ കുടിശ്ശികയില്ല. തൊഴിലില്ലായ്മ വേതനം 12 മാസത്തെ കുടിശ്ശികയുണ്ട്.

(ബി) തൊഴിലില്ലായ്മ വേതനം കുടിശ്ശിക തീർത്ത് നൽകാൻ 48,94,25,760 രൂപ ആവശ്യമായി വരും.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മേൽപ്പറഞ്ഞ പെൻഷൻ പദ്ധതികളിലെ കുടിശ്ശിക താഴെപ്പറയും പ്രകാരമായിരുന്നു.

1. തൊഴിലില്ലായ്മ വേതനം

കുടിശ്ശിക - 14 മാസം
തുക - 77,92,20,960 രൂപ

GPM. 2/498/2014—11

LIBRARY ARCHIVES Kerala Legislative Assembly

2. വിധവാ പെൻഷൻ

കുടിശ്ശിക - 4 മാസം

തുക - 9,76,26,000 രൂപ

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഇതേവരെ വിവിധ ക്ഷേമപദ്ധതിയിനങ്ങളിലായി നൽകിയ കുടിശ്ശിക ഇപ്രകാരമാണ്:

1. തൊഴിലില്ലായ്മ വേതനം - 59 മാസം
2. വിധവാ പെൻഷൻ - 61 മാസം
3. വികലാംഗ പെൻഷൻ - 57 മാസം

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ഭരണിക്കാവ് ആസ്ഥാനമാക്കി സബ്ട്രഷറി

22(1298) ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര താലൂക്കിലെ ആറ് ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങളുടെ ചിര കാല ആവശ്യമായ ഭരണിക്കാവ് ആസ്ഥാനമായി ഒരു സബ്ട്രഷറി ആഫീസ് തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

മുക്കത്ത് സബ്ട്രഷറി സ്ഥാപിക്കാൻ നടപടി

23(1299) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മലയോര പ്രദേശങ്ങളുടെ ആസ്ഥാനമായ മുക്കത്ത് ഒരു സബ്ട്രഷറി സ്ഥാപിക്കണമെന്ന വർഷങ്ങളായുള്ള പൊതുജനങ്ങളുടെയും ഉദ്യോഗസ്ഥരുടേയും ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രഷറി എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly